LBRD-C4/81/2024-LBRD

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തൊഴിലും നൈപുണ്യവും വകുപ്പ്- വ്യാവസായിക പരിശീലനം - ജീവനക്കാര്യം - ചാക്ക ഐ.ടി.ഐയിലെ സീനിയർ ഇൻസ്ട്രക്ടർ ശ്രീ.നിസാമുദ്ദീൻ.ബി.എസി-ന് ഔദ്യോഗിക കൃത്യനിർവ്വഹണത്തിനിടയിലുണ്ടായ അപകടത്തിന് പ്രത്യേക ധനസഹായ പദ്ധതി പ്രകാരം അപകട ചികിത്സാ ധനസഹായം അനുവദിക്കുന്നതിന് ട്രെയിനിംഗ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തൊഴിലും നൈപുണ്യവും (സി) വകുപ്പ്**

സ.ഉ.(സാധാ) നം.710/2026/LBR തീയതി,തിരുവനന്തപുരം, 19-06-2026

---

പരാമർശം:-
1. സ.ഉ(പി) 3/2024/ധന, തീയതി 06/01/2024
2. ചാക്ക ഐ.ടി.ഐയിലെ സീനിയർ ഇൻസ്ട്രക്ടർ ആയ ശ്രീ.നിസാമുദ്ദീൻ.ബി.എസ് 20/03/2024-ൽ സമർപ്പിച്ച അപേക്ഷ.
3. ട്രെയിനിംഗ് ഡയറക്ടറുടെ 28/05/2024, 05/12/2024 എന്നീ തീയതികളിലെ ഡി.ടി/2030/2024-ബി6 നമ്പർ കത്തുകൾ.
4. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 08/11/2024 തീയതിയിലെ എം.ആർ3/25678/2024/ആ.വ.ഡ നമ്പർ കത്ത്.

**ഉത്തരവ്**

1) വ്യാവസായിക പരിശീലന വകുപ്പിന് കീഴിലുള്ള ചാക്ക ഐ.ടി.ഐയിലെ സീനിയർ ഇൻസ്ട്രക്ടറായ ശ്രീ.നിസാമുദ്ദീൻ.ബി.എസ്, 16/01/2024-ൽ ഡ്യൂട്ടിക്കിടയിൽ ട്രെയിനികൾക്ക് എഞ്ചിന്റെ ഭാഗങ്ങൾ ഡെമോൺസ്ട്രേഷൻ നൽകുന്നതിനിടയിൽ മോട്ടോറിന്റെ ബെൽറ്റിൽ കൈ കുടുങ്ങുകയും, ഇടത് കൈയുടെ ചൂണ്ടുവിരലിന്റെ ഒരു ഭാഗം മുറിഞ്ഞു മാറുകയും ചെയ്തിരുന്നു. തുടർന്ന് ഇദ്ദേഹം തിരുവനന്തപുരം കിംസ് ആശുപത്രിയിൽ അത്യാഹിത ചികിത്സ തേടുകയും ശസ്ത്രക്രിയയ്ക്ക് വിധേയനാകുകയും ചെയ്തു. ഔദ്യോഗിക കൃത്യനിർവ്വഹണത്തിനിടയിൽ ഉണ്ടാകുന്ന അത്യാഹിതങ്ങൾക്ക് ഇരയാകുന്ന ജീവനക്കാർക്ക് പരാമർശം (1) പ്രകാരമുള്ള പ്രത്യേക അപകട ചികിത്സ ധനസഹായത്തിന് അർഹതയുള്ളതിനാൽ പരാമർശം (2) പ്രകാരം ടിയാൻ സമർപ്പിച്ച അപേക്ഷ പരാമർശം (3) പ്രകാരം ട്രെയിനിംഗ് ഡയറക്ടർ ശുപാർശ ചെയ്ത് സർക്കാരിൽ ലഭ്യമാക്കിയിരുന്നു. ഈ വിഷയത്തിൽ അനുവദനീയമായ തുക 70,755/- രൂപ ആണെന്ന് പരാമർശം (4) പ്രകാരം ആരോഗ്യ വകുപ്പ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

2) പരാമർശം (1)-ലെ ഉത്തരവ് പ്രകാരം, ഔദ്യോഗിക കൃത്യനിർവ്വഹണത്തിനിടയിൽ ഉണ്ടാകുന്ന അപകടങ്ങളിൽ 60 ശതമാനത്തിൽ താഴെ സ്ഥിരമായ അംഗവൈകല്യം സംഭവിക്കുന്നവർക്ക് സർക്കാർ അംഗീകാരമുള്ളതോ ഇല്ലാത്തതോ ആയ സ്വകാര്യ ആശുപത്രികളിൽ തേടുന്ന ചികിത്സയ്ക്ക്, ആരോഗ്യ വകുപ്പ് ഡയറക്ടർ അനുവദനീയത അറിയിക്കുന്ന തുകയുടെ 75 ശതമാനം പ്രതിപൂരണം ചെയ്തു നൽകാൻ വ്യവസ്ഥയുണ്ട്.

3) ശ്രീ.നിസാമുദ്ദീൻ.ബി.എസ് ലഭ്യമാക്കിയ വൈകല്യ സർട്ടിഫിക്കറ്റ് ആരോഗ്യ കുടുംബക്ഷേമ വകുപ്പ് പരിശോധിച്ചതിൽ നിന്നും ടിയാനു 1% സ്ഥിരമായ ചലന വൈകല്യമുണ്ടെന്ന് അറിയിച്ചിരുന്നു

4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ചാക്ക ഐ.ടി.ഐയിലെ സീനിയർ ഇൻസ്ട്രക്ടറായ ശ്രീ.നിസാമുദ്ദീൻ.ബി.എസിന് ഡ്യൂട്ടിക്കിടയിൽ ഉണ്ടായ അപകടവുമായി ബന്ധപ്പെട്ട് ചികിത്സയ്ക്ക് ചെലവായ തുകയിൽ ആരോഗ്യ വകുപ്പ് ഡയറക്ടർ അനുവദനീയമെന്ന് രേഖപ്പെടുത്തിയ 70,755/- രൂപയുടെ 75 ശതമാനമായ 53,066/- രൂപ (അമ്പത്തിമൂവായിരത്തി അറുപത്തിയാറ് രൂപ മാത്രം) അപകട ചികിത്സ ധനസഹായമായി പ്രതിപൂരണം ചെയ്തു നല്കുന്നതിനു ട്രെയിനിംഗ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനിൽ കുമാർ എസ്
ഡെപ്യൂട്ടി സെക്രട്ടറി

ട്രെയിനിംഗ് ഡയറക്ടർ, തിരുവനന്തപുരം. (അപേക്ഷ, മെഡിക്കൽ ബില്ലുകൾ, എസ്സൻഷ്യാലിറ്റി സർട്ടിഫിക്കറ്റുകൾ എന്നിവ സഹിതം)
ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
ശ്രീ.നിസാമുദ്ദീൻ.ബി.എസ്, സീനിയർ ഇൻസ്ട്രക്ടർ, ചാക്ക ഐ.ടി.ഐ (ട്രെയിനിംഗ് ഡയറക്ടർ മുഖാന്തിരം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ ആന്റ് ഇ), കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് [06/05/2026-ലെ 2871004/LBR-1/176/2024-FIN നമ്പർ നോട്ട് പ്രകാരം]
ആരോഗ്യ കുടുംബ ക്ഷേമ വകുപ്പ് [28/10/2025-ലെ ജി2/645/2025/ആ.കു.വ നമ്പർ നോട്ട് പ്രകാരം]
വിവര പൊതുജന സമ്പർക്ക വകുപ്പ്. (ഗവ. വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Usha Rani L
Date: 20-06-2026 17:11:15
സെക്ഷൻ ഓഫീസർ